# 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2021 ഒക്ടോബർ 6-ാം തീയതി സമർപ്പിച്ചത്

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം | | |
| I. വിയോജനക്കുറിപ്പ് | .. | 3 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും )

## (2021-2023)

**ഘടന**

ചെയർമാൻ :

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ,
തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ശ്രീ. കെ. രാജൻ,
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി

ശ്രീ. വി. അബ്ദുറഹിമാൻ,
കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻനായർ, സെക്രട്ടറി.

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി.

ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെകട്ടറി.

# 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

## സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയച്ച 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ (ബിൽ നമ്പർ 42), സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ 2021 സെപ്റ്റംബർ 24-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2021 ഒക്ടോബർ 4-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2021 ഒക്ടോബർ 4-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 5</u>

5-ാം ഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 74 <u>എ</u> വകുപ്പിലെ (1)-ാം ഉപവകുപ്പ് ഇനം (എ)-യിൽ "സാംക്രമിക " എന്ന വാക്കിനു മുമ്പ് "തത്സമയം" എന്ന വാക്ക് ചേർക്കുക.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

**എം. വി. ഗോവിന്ദൻ മാസ്റ്റർ,**

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി IX.*

തിരുവനന്തപുരം,
2021 ഒക്ടോബർ 4.

## അനുബന്ധം I

## വിയോജനക്കുറിപ്പ്

കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ തദ്ദേശഭരണ തെരഞ്ഞെടുപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട ഭേദഗതികൾ ഉൾപ്പെടുത്തുന്നതിനും; കെട്ടിട നിർമ്മാണത്തിന് സാധാരണക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും പൊതുഅധികാരികൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ത്വരിതപ്പെടുത്തുന്നതിനും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി വ്യവസായമേഖലയിൽ സ്വീകരിക്കുന്ന നടപടികൾക്ക് വേണ്ടിയും, 'കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ' എന്ന വിഭാഗത്തിൽ ചില കെട്ടിടങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സ്വയം സാക്ഷ്യപത്രം സഹിതം കെട്ടിടനിർമ്മാണ പെർമിറ്റിന് ഉള്ള അപേക്ഷ നൽകിയാൽ അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ കൈപ്പറ്റു സാക്ഷ്യപത്രം നൽകുവാനും, സാക്ഷ്യപത്രം കെട്ടിട നിർമ്മാണ പെർമിറ്റ് ആയി കരുതി നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനും ഇപ്രകാരം തെറ്റായ സാക്ഷ്യപത്രം നൽകുന്നവരിൽ നിന്ന് പിഴ ഈടാക്കുന്നതിനുമാണ് ബില്ലിൽ പ്രധാനമായും വ്യവസ്ഥ ചെയ്തിരിക്കുന്നത്. അനിവാര്യമായും തിരുത്തപ്പെടേണ്ട ചില പിഴവുകൾ ഈ ബില്ലിൽ ഉൾപ്പെട്ടിട്ടുണ്ട്.

ബില്ലിന്റെ പത്താം വകുപ്പിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ഒരു 'അപേക്ഷ' എന്ന് പറഞ്ഞിരിക്കുന്നത് 'നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ' എന്ന് മാറ്റേണ്ടതാണ്. കാരണം നിലവിലെ പഞ്ചായത്ത് രാജ് നിയമത്തിൽ പറയുന്ന അപേക്ഷ പുതിയ ഭേദഗതിയുടെ പശ്ചാത്തലത്തിൽ അപര്യാപ്തമാണ്.

ബില്ലിലെ 11-ാം ഖണ്ഡത്തിൽ [പ്രധാന ആക്ടിലെ വകുപ്പ് 235 ഇസഡ്(3)] കെട്ടിടങ്ങളുടെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ സ്വയം സാക്ഷ്യപത്രം നൽകുന്ന കാര്യം പറയുന്നുണ്ട്. പുനർനിർമ്മാണം എന്നതിൽ കെട്ടിടത്തിന്റെ വിപുലീകരണം ഉൾപ്പെടുമോ എന്നതിൽ വ്യക്തത ആവശ്യമുണ്ട്.

ബില്ലിലെ 11-ാം ഖണ്ഡത്തിൽ [പ്രധാന ആക്ടിലെ വകുപ്പ് 235 ഇസഡ്(4)] തെറ്റായി സാക്ഷ്യപത്രം നൽകി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ സംഗതിയിൽ കെട്ടിട ഉടമസ്ഥനും സാക്ഷ്യപത്രം നൽകിയ എംപാനൽ ഏജൻസിയും പിഴ ഒടുക്കണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഈ പിഴ രണ്ടു പേരും തുല്യം ആയിട്ടാണോ നൽകേണ്ടത് അതോ എത്ര വീതമാണ് ഓരോരുത്തരുടെയും ബാധ്യതയായി വരുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല.

കൂടാതെ പിഴ ഈടാക്കുന്ന സംഗതിയിൽ ക്രമവിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് എന്ത് സംഭവിക്കുന്നു എന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടില്ല. ഇപ്രകാരം ക്രമവിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കപ്പെടുന്ന സാഹചര്യമുണ്ടായാൽ അത് പഞ്ചായത്ത് രാജ് ആക്ടിനെയും നെൽവയൽ തണ്ണീർത്തട നിയമങ്ങളെയും സിആർഇസഡ് റെഗുലേഷനുകളെയും അട്ടിമറിക്കുന്ന രീതിയിൽ അനധികൃത നിർമ്മാണങ്ങൾ ധാരാളമായി നടക്കുന്നതിന് കാരണമായിത്തീരുന്നതാണ്.

ബില്ലിലെ ഖണ്ഡം 11-ൽ [പ്രധാന ആക്ടിലെ വകുപ്പ് 235 ഇസഡ്(5)] പഞ്ചായത്ത് രാജ് നിയമപ്രകാരം അപ്പീൽ അധികാരി അപ്പലേറ്റ് ട്രൈബ്യൂണൽ ആണെന്നിരിക്കെ ഇവിടെ അപ്പീൽ അധികാരം സർക്കാരിന് നൽകിയിരിക്കുന്നത് ഉചിതമല്ല. പ്രസ്തുത വ്യവസ്ഥകൾ ഭേദഗതി ചെയ്യപ്പെടേണ്ടതാണ്. ആയതിനാൽ ബില്ലിലെ വ്യവസ്ഥകളോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

റോജി എം. ജോൺ, എം.എൽ.എ. (ഒപ്പ്)

പി. ഉബൈദുള്ള, എം.എൽ.എ. (ഒപ്പ്)

ടി. ജെ. വിനോദ്, എം.എൽ.എ. (ഒപ്പ്)

അനുബന്ധം II

# 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചിരിക്കുന്നത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതിയെ സൂചിപ്പിക്കുന്നു.]

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിൽ, മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമൊഴികെ,—

(എ) 3-ാം വകുപ്പ് 2020 മേയ് 4-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും;

(ബി) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പും 5-ാം വകുപ്പും 2020 സെപ്റ്റംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും;

(സി) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് 2020 നവംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും;

(ഡി) 2-ാം വകുപ്പും 6 മുതൽ 11 വരെയുള്ള വകുപ്പുകളും 2021 ഫെബ്രുവരി 12-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 2-ാം വകുപ്പിൽ,—

(i) (xvi)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xvi എ) "എംപാനൽഡ് ലൈസൻസി" എന്നാൽ നഗരകാര്യവകുപ്പിലെ റീജിയണൽ ജോയിന്റ് ഡയറക്ടറിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും അല്ലെങ്കിൽ 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതും സ്വയം സാക്ഷ്യപത്രം നൽകുന്നതിന്റെ ആവശ്യത്തിലേയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പ്, നിർണ്ണയിക്കപ്പെട്ട പ്രകാരം എംപാനൽ ചെയ്തതുമായ, അതതു സംഗതിപോലെ, സ്ഥാപനം, ആർക്കിടെക്റ്റ്, എഞ്ചിനീയർ, ബിൽഡിംഗ് ഡിസൈനർ, സൂപ്പർവൈസർ അല്ലെങ്കിൽ ടൗൺ പ്ലാനർ എന്നർത്ഥമാകുന്നു ." ;

(ii) (xxii)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xxii എ) "കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ" എന്നതിൽ ഏഴ് മീറ്ററിൽ കുറവായ ഉയരമുള്ളതും രണ്ടു നില വരെ പരിമിതപ്പെടുത്തിയിട്ടുള്ളതും മുന്നൂറ് ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ളതും എ 1 വിനിയോഗഗണത്തിൽ പ്പെട്ടതുമായ വാസഗൃഹങ്ങളും, ഇരുന്നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടുകൂടിയതും എ 2 വിനിയോഗഗണത്തിൽപ്പെട്ടതുമായ ഹോസ്റ്റൽ, ഓർഫനേജ്, ഡോർമിറ്ററി, ഓൾഡ് ഏജ് ഹോം, സെമിനാരി എന്നിവയും, ഇരുന്നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടുകൂടിയതും ബി വിനിയോഗഗണത്തിൽ പ്പെട്ടതുമായ വിദ്യാഭ്യാസ കെട്ടിടങ്ങളും, ഇരുന്നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ളതും ഡി വിനിയോഗഗണത്തിൽപ്പെട്ടതുമായ മതപരവും ദേശസ്നേഹപരവുമായ ആവശ്യങ്ങൾക്കു വേണ്ടി ആളുകൾ സമ്മേളിക്കുന്ന കെട്ടിടങ്ങളും, നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടുകൂടിയതും എഫ് വിനിയോഗ ഗണത്തിൽപ്പെട്ടതുമായ കെട്ടിടങ്ങളും, ശല്യമില്ലാത്തതും അപകട സാധ്യതയില്ലാത്തതുമായ നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ള ജി1 വിനിയോഗ ഗണത്തിൽപ്പെട്ടതുമായ കെട്ടിടങ്ങളും ഉൾപ്പെടുന്നു .";

(iii) (xxvi)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(xxvi എ) "സ്വയം സാക്ഷ്യപത്രം" എന്നാൽ കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ വേണ്ടിയുള്ള കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ തത്സമയം പ്രാബല്യത്തിലുള്ള ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും നിയമാനുസൃതം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും നിർദ്ദേശത്തിനും

പ്രത്യേകം പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾക്കും നിയമങ്ങൾക്കും ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമാണെന്ന് കെട്ടിടത്തിന്റെ ഉടമസ്ഥനും എംപാനൽഡ് ലൈസൻസിയും സംയുക്തമായി നൽകുന്ന സ്വയം സാക്ഷ്യപത്രം എന്നർത്ഥമാകുന്നു .".

3. 6-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ, "പതിനാലിൽ കുറയാനോ ഇരുപത്തിനാലിൽ കവിയാനോ" എന്ന വാക്കുകൾക്ക് പകരം "പതിമൂന്നിൽ കുറയാനോ ഇരുപത്തിമൂന്നിൽ കവിയാനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിൽ, "പതിനാലിൽ കുറയാനോ ഇരുപത്തിനാലിൽ കവിയാനോ" എന്ന വാക്കുകൾക്ക് പകരം "പതിമൂന്നിൽ കുറയാനോ ഇരുപത്തിമൂന്നിൽ കവിയാനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (സി) ഖണ്ഡത്തിൽ, "പതിനേഴിൽ കുറയാനോ മുപ്പത്തിമൂന്നിൽ കവിയാനോ" എന്ന വാക്കുകൾക്ക് പകരം "പതിനാറിൽ കുറയാനോ മുപ്പത്തിരണ്ടിൽ കവിയാനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 70-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 70-ാം വകുപ്പിൽ,—(1) നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും, അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിലെ ക്ലിപ്തനിബന്ധനയിൽ, "രാവിലെ 7 മണിക്കും വൈകുന്നേരം 5 മണിക്കും" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "രാവിലെ 7 മണിക്കും വൈകുന്നേരം 6 മണിക്കും" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(2) അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനും അതിന് കീഴിലുള്ള ക്ലിപ്ത നിബന്ധനയ്ക്കും ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പിൽ നിശ്ചയിച്ച പ്രകാരമുള്ള സമയത്തിൽ, അവസാനത്തെ ഒരു മണിക്കൂർ 74 എ വകുപ്പിൽ വ്യക്തമാക്കിയിരിക്കുന്ന വിഭാഗങ്ങളിലുള്ള ആളുകൾക്ക് വോട്ട് ചെയ്യുന്നതിനായി വിനിയോഗിക്കേണ്ടതാണ്.".

5. 74 -ാം വകുപ്പിനു ശേഷം പുതിയ വകുപ്പ് ചേർക്കൽ.— പ്രധാന ആക്റ്റിലെ 74 എ വകുപ്പ് 74 ബി വകുപ്പായി പുനരക്കമിടേണ്ടതും, അപ്രകാരം പുനരക്കമിട്ട 74 ബി വകുപ്പിന് മുൻപായി താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"74 എ. ചില വിഭാഗങ്ങളിലുള്ള ആളുകൾക്ക് തപാൽ വഴി വോട്ട് ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.—(1) 74-ാം വകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, താഴെപ്പറയുന്ന വിഭാഗങ്ങളിലുള്ള സമ്മതിദായകർക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, തപാൽ വഴി വോട്ടു ചെയ്യുന്നതിനുള്ള അവസരമുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) തത്സമയം സാംക്രമിക രോഗം ബാധിച്ച ഏതൊരാളും;

(ബി) ക്വാറന്റീനിൽ ആയിരിക്കുന്ന ഏതൊരാളും ;

വിശദീകരണം:— ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(i) "സാംക്രമിക രോഗം" എന്നാൽ 2021- ലെ കേരള സാംക്രമിക രോഗങ്ങൾ ആക്റ്റിന്റെ (2021-ലെ 4) 2-ാം വകുപ്പ് (എ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ളതും പ്രസ്തുത ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം സർക്കാർ, അതതു സമയം, വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ സാംക്രമികരോഗം എന്നർത്ഥമാകുന്നു ;

(ii) "ക്വാറന്റീനിൽ ആയിരിക്കുന്ന ആൾ" എന്നാൽ സാംക്രമിക രോഗത്തിന്റെ വ്യാപനം തടയുന്നതിനായി, ഭാരതസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, അതതുസമയം, പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് ക്വാറന്റീനിൽ ആയിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു ;

(2) (1)- ാം ഉപവകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള ഏതെങ്കിലും വിഭാഗങ്ങളിലെ ഒരു സമ്മതിദായകന് തപാൽ വഴി വോട്ട് ചെയ്യാവുന്നതും അല്ലെങ്കിൽ പോളിംഗ് സ്റ്റേഷനിൽ, 70-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ സമയത്ത്, നേരിട്ട് വോട്ട് ചെയ്യാവുന്നതുമാണ്.

കുറിപ്പ് :—(2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ 2020 നവംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്." .

6. 235 എഫ് വകുപ്പിന്റെ ഭേദഗതി .—പ്രധാന ആക്റ്റിലെ 235 എഫ് വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ "കുടിൽ" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (എ) ഖണ്ഡത്തിൽ "രേഖാമൂലമായ ഒരു അപേക്ഷയും" എന്ന വാക്കുകൾക്കു പകരം "രേഖാമൂലമുള്ള അപേക്ഷയോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയുള്ള അപേക്ഷയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (ബി) ഖണ്ഡത്തിൽ "രേഖാമൂലമായ ഒരു അപേക്ഷയും" എന്ന വാക്കുകൾക്കുപകരം "രേഖാമൂലമുള്ള അപേക്ഷയോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയുള്ള അപേക്ഷയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 235 എച്ച് വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 235 എച്ച് വകുപ്പിൽ "നൽകുന്നതുവരെയും" എന്ന വാക്കുകൾക്കുശേഷം "കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടമുൾപ്പെടെയുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. 235 ഐ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 235 ഐ വകുപ്പിൽ "മുപ്പത് ദിവസത്തിനകം" എന്ന വാക്കുകൾക്കുപകരം "പതിനഞ്ച് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 235 ജെ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 235 ജെ വകുപ്പിൽ,—

(i) "മുപ്പത് ദിവസത്തിനകം" എന്ന വാക്കുകൾക്കുപകരം "പതിനഞ്ച് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) ക്ലിപ്തനിബന്ധനയിൽ "മുപ്പത് ദിവസക്കാലം" എന്ന വാക്കുകൾക്കുപകരം "പതിനഞ്ച് ദിവസക്കാലം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

10. 235 കെഎ എന്ന പുതിയ വകുപ്പ് ചേർക്കൽ.— പ്രധാന ആക്റ്റിലെ 235 കെ വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"235 കെഎ. കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷ.—(1) കുറഞ്ഞ അപകടസാധ്യതയുള്ള ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യാൻ ഉദ്ദേശിക്കുന്ന ഏതൊരാളും, അപ്രകാരമുള്ള കെട്ടിടത്തിന്റെ കെട്ടിടസ്ഥാനത്തിനുള്ള അംഗീകാരത്തിനായും പണി നടത്തുന്നതിനുള്ള അനുവാദത്തിനായും ഒരു അപേക്ഷ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലുള്ള, സ്വയം സാക്ഷ്യപത്രവും അപ്രകാരമുള്ള രേഖകളും സഹിതം സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്.

(2) എല്ലാ രീതിയിലും പൂർണ്ണമായ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുന്നതിന്മേൽ, സെക്രട്ടറി, അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിൽ ഒരു കൈപ്പറ്റുസാക്ഷ്യപത്രം അപേക്ഷകന് നൽകേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കൈപ്പറ്റുസാക്ഷ്യപത്രം ലഭിക്കുന്നതിന്മേൽ, അപ്രകാരമുള്ള കൈപ്പറ്റുസാക്ഷ്യപത്രം, അപ്രകാരമുള്ള കെട്ടിടത്തിന്റെ കെട്ടിടസ്ഥാനത്തിനുള്ള അംഗീകാരമായും പണിനടത്തുന്നതിനുള്ള അനുവാദമായും കരുതപ്പെടുന്നതാണ്. ".

11. 235 ഇസഡ് വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 235 ഇസഡ് വകുപ്പിന്റെ (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(3) ഒരു എംപാനൽഡ് ലൈസൻസി കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ സ്വയം സാക്ഷ്യപത്രം നൽകുന്ന സംഗതിയിൽ, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ വ്യവസ്ഥകളോ നിയമാനുസൃതം നൽകിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശമോ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളോ ലംഘിച്ചുകൊണ്ടോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുതകൾ മറച്ചുവച്ചോ ആണ് അപ്രകാരമുള്ള കെട്ടിടത്തിന് സ്വയം സാക്ഷ്യപത്രം നൽകിയത് എന്ന് രജിസ്റ്ററിംഗ് അധികാരി, കാണുന്നപക്ഷം, അപ്രകാരമുള്ള രജിസ്റ്ററിംഗ് അധികാരിക്ക് എംപാനൽഡ് ലൈസൻസിയെ അഞ്ച് വർഷത്തിൽ കുറയാത്ത ഒരു കാലയളവിലേക്ക് സംസ്ഥാനത്ത് പ്രാക്ടീസ് ചെയ്യുന്നതിന് വിലക്ക് ഏർപ്പെടുത്താവുന്നതും, അപ്രകാരമുള്ള ലൈസൻസിക്ക് എതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു ശേഷം, അപ്രകാരമുള്ള ലൈസൻസിയിൽ നിന്നും (4)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പിഴ ഈടാക്കാവുന്നതുമാണ്.

(4) സ്വയം സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്ത കെട്ടിടങ്ങളുടെ സംഗതിയിൽ, അപ്രകാരം സ്വയം സാക്ഷ്യപത്രം നൽകിയ കെട്ടിടത്തിന്റെ ഉടമസ്ഥനും എംപാനൽഡ് ലൈസൻസിക്കും, ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനുശേഷം, അപ്രകാരമുള്ള ഉടമസ്ഥനും ലൈസൻസിയും നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ചതിനുശേഷവും അപ്രകാരമുള്ള ആളുകളിൽനിന്നും, നൂറ് ചതുരശ്രമീറ്റർ വരെ നിർമ്മിത വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും, ഇരുന്നൂറ് ചതുരശ്രമീറ്റർ വരെ നിർമ്മിത വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നാല് ലക്ഷം രൂപ വീതവും, മുന്നൂറ് ചതുരശ്രമീറ്റർ വരെ നിർമ്മിത വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ആറ് ലക്ഷം രൂപ വീതവും പിഴ ഈടാക്കാവുന്നതാണ്.

(5) രജിസ്റ്ററിംഗ് അധികാരി എടുത്ത നടപടികളോ പുറപ്പെടുവിച്ച ഉത്തരവോമൂലം സങ്കടമനുഭവിക്കുന്ന ആളിന്, അപ്രകാരമുള്ള ഉത്തരവുകൾക്കോ നടപടികൾക്കോ എതിരായി സർക്കാരിൽ, (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം, ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്.".

12. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2021-ലെ 134) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2021 ഒക്ടോബർ 4.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*